# അല്ലാഹു ശുപാർശകനാക്കപ്പെടുകയില്ല

ജുബയ്റ് ഇബ്നു മുത്ഇംﷺവിൽനിന്നും നിവേദനം. അദ്ദേഹം പറഞ്ഞു:

جاء أَعْرَابِيٌّ إِلَى النبي ﷺ، فقالَ: يَا رَسُولَ الله ! نُهِكَتِ الأَنْفُسُ، وجاع الْعِيَالُ، وَهَلَكَتِ الأَمْوَالُ فَاسْتَسْقِ لَنَا ربَّك فإِنَّا نَسْتَشْفِعُ بالله عَلَيْكَ وبكَ عَلَى الله. قالَ رَسُولُ الله ﷺ: «سبحان الله، سبحان الله»، فَمَا زَالَ يُسَبِّحُ حَتَّى عُرِفَ ذَلِكَ فِي وُجُوهِ أَصْحَابِهِ، ثُمّ قال: «وَيْحَكَ أَتَدْرِي مَا الله؟ إِنّ شَأْنَ الله أَعْظَمُ مِنْ ذَلِكَ، إنه لا يُسْتَشْفَعُ بالله عَلَى أَحَدٍ»

‘‘ഒരു അഅ്റാബി നബിﷺയുടെ അടുക്കൽ വന്നു. എന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, മനുഷ്യർ വിവശരായി, കുടുംബം പട്ടിണിയിലായി, സ്വത്തുക്കൾ നശിച്ചു, താങ്കൾ താങ്കളുടെ റബ്ബിനോട് ഞങ്ങൾക്ക് മഴലഭിക്കുവാൻവേണ്ടി തേടിയാലും. കാരണം (ഞങ്ങൾക്കുവേണ്ടി താങ്കൾ, അല്ലാഹുവോടു പ്രാർത്ഥിക്കുവാൻ) ഞങ്ങൾ അല്ലാഹുവെ താങ്കളുടെ അടുക്കൽ ശുപാർശകനാക്കുന്നു. (അല്ലാഹു ഞങ്ങൾക്ക് മഴ വർഷിക്കുവാൻ) താങ്കളെ അല്ലാഹുവിങ്കലും ശുപാർശകനാക്കുന്നു. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: “സുബ്ഹാനല്ലാഹ്! സുബ്ഹാനല്ലാഹ്!” അദ്ദേഹം തസ്ബീഹ് ചൊല്ലിക്കൊണ്ടേയിരുന്നു. അത് അദ്ദേഹത്തിന്റെ സ്വഹാബത്തിന്റെ മുഖത്ത് അറിയപ്പെടുന്നതുവരെ. പിന്നീട് അദ്ദേഹം പറഞ്ഞു: “താങ്കൾക്ക് നാശം, താങ്കൾക്ക് അറിയുമോ അല്ലാഹു ആരെന്ന്? അല്ലാഹുവിന്റെകാര്യം ഇതിനേക്കാൾ മഹത്തരമാണ്. കാരണം, അല്ലാഹു ഒരാളുടേയും അടുക്കൽ ശുപാർശകനാക്കപ്പെടുകയില്ല.’’[1]

---

[1] സുനനു അബീദാവൂദ്. അൽബാനിയുടെ ളിലാലുൽ ജന്നഃ നോക്കുക.

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- ‘‘ഞങ്ങൾ അല്ലാഹുവെ താങ്കളുടെ അടുക്കൽ ശുപാർശക നാക്കുന്നു.’’ എന്ന് പറഞ്ഞവരെ പ്രവാചകൻﷺ എതിർത്തത്.
- ഈ വാക്ക് കാരണത്താൽ പ്രവാചകൻﷺയുടെ മാറ്റം. അത് അദ്ദേഹത്തിന്റെ സ്വഹാബത്തിന്റെ മുഖത്ത് അറിയപ്പെട്ടു.
- ‘‘താങ്കളെ അല്ലാഹുവിങ്കലും ശുപാർശകനാക്കുന്നു’’ എന്ന് പറഞ്ഞതിനെ പ്രവാചകൻﷺ അദ്ദേഹത്തോട് എതിർത്തില്ല.
- ‘‘സുബ്ഹാനല്ലാഹ്’’ എന്നതിന്റെ തഫ്സീർ ഉണർത്തൽ.
- മുസ്ലിമീങ്ങൾ പ്രവാചകൻﷺയോട് ‘ഇസ്തിസ്ക്വാഉ’ന് (മഴ ലഭിക്കുവാൻവേണ്ടി പ്രാർത്ഥിക്കുവാൻ) ആവശ്യപ്പെടുന്നു.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**